(എ) കാപ്പി, തേയില, റബ്ബർ, ഏലം തുടങ്ങിയ കൃഷിവിഭാഗങ്ങളെ പ്ലാന്റേഷന്റെ പരിധിയിൽ ഉൾപ്പെടുത്തി ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരമൊരു നിർദ്ദേശം പരിഗണിക്കുവാൻ സർക്കാരിനെ പ്രേരിപ്പിച്ച കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂപരിഷ്കരണ നിയമത്തിലൂടെ ഇല്ലായ്മ ചെയ്ത പാട്ടകൃഷി പുനഃസ്ഥാപിക്കാനുള്ള എന്തെങ്കിലും ആലോചന സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ വിഷയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഭരണഘടനയുടെ ഒൻപതാം പട്ടികയിൽ ചേർത്തിട്ടുള്ള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുന്നതിന് പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണോ; എങ്കിൽ നിർദ്ദിഷ്ട ഭേദഗതിക്ക് മുൻകൂട്ടി അനുവാദം വാങ്ങാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) റബ്ബർ, കാപ്പി, തേയില, ഏലം എന്നീ കൃഷിവിഭാഗങ്ങളെ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിൽ പ്ലാന്റേഷന്റെ പരിധിയിൽ ഇപ്പോൾത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഇല്ല. എന്നാൽ സംസ്ഥാനങ്ങളിൽ കരാർ കൃഷി നടപ്പാക്കുന്നത് സംബന്ധിച്ച് ചർച്ചകൾ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി നടത്തിയിട്ടുണ്ട്. കേരളത്തിൽ ഇത് നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(എഫ്) ഭരണഘടന അനുസരിച്ച് പ്രസിഡന്റിന്റെ മുൻകൂർ അനുമതി ആവശ്യമില്ല. നിയമസഭ പാസ്സാക്കുന്ന ബില്ല് പ്രസിഡന്റിന്റെ അനുമതി കിട്ടിയാലേ നിയമമാകൂ.

സെറ്റ് പരീക്ഷയുടെ നടത്തിപ്പ്

*23 [143] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറു മാസം കൂടുമ്പോൾ നടത്തേണ്ട ഹയർ സെക്കന്ററി അദ്ധ്യാപക നിയമനത്തിനുള്ള 'സെറ്റ് പരീക്ഷ' നിർദ്ദിഷ്ട സമയത്ത് നടക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു വിഘാതമായി നിൽക്കുന്ന സംഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സെറ്റ് പരീക്ഷ കൃത്യമായി നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഇല്ലാത്തതാണ് പരീക്ഷ മുടങ്ങുന്നതിന് കാരണം എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റൽ പരീക്ഷ നടത്തുന്നതിന് പി.എസ്.സി. ഉള്ളതു പോലെ 'സെറ്റ്' പരീക്ഷ നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സെറ്റ് പരീക്ഷ നടത്തുന്നതിന് ഒരു സമയക്രമം നിശ്ചയിച്ചിട്ടില്ല. എന്നാൽ സാധാരണ സ്ഥിതിയിൽ വർഷത്തിൽ ഒരിക്കൽ സെറ്റ് നടത്തണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യാനുസരണം വേണമെങ്കിൽ വർഷത്തിൽ രണ്ടു പ്രാവശ്യം പരീക്ഷ നടത്തുകയോ ഒന്നും നടത്താതിരിക്കുകയോ ,ചെയ്യാവുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) സെറ്റ് നടത്തുന്നതിന് പരീക്ഷാ ബോർഡ് എന്ന സ്ഥിര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാലാകാലങ്ങളിൽ പ്രസ്തുത ബോർഡാണ് പരീക്ഷാ നടത്തിപ്പിനെ സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

ബൈപ്പാസുകളുടെ നിർമ്മാണം

*24 [144] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ ടി. പി. എം. സാഹിർ:
„ സി. മമ്മൂട്ടി:
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.എച്ച്.-47 കടന്നുപോകുന്ന നഗരങ്ങളിലെ വാഹന ഗതാഗത കുരുക്ക് കുറയ്ക്കുന്നതിനായി എവിടെയെല്ലാമാണ് ബൈപ്പാസുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബൈപ്പാസുകളുടെ പണി എവിടെയെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) മറ്റുള്ളവയുടെ പണി പൂർത്തിയാക്കാൻ താമസിക്കുന്നതിന്റെ കാരണമെന്താണ്;

(ഡി) ഇവയുടെ പണി പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം-വിഴിഞ്ഞം റോഡ് ഗതാഗതയോഗ്യമായോ; എങ്കിൽ എന്നത്തേയ്ക്ക് ഗതാഗതം തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ—ഡി) സംസ്ഥാനത്ത് എൻ. എച്ച്. 47 കടന്നുപോകുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ നഗരങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചി, ചാലക്കുടി, തൃശ്ശൂർ, പാലക്കാട് എന്നിവിടങ്ങളിൽ ബൈപ്പാസുകൾ നിലവിലുണ്ട്. തിരുവനന്തപുരത്ത് ഭാഗികമായി പണി പൂർത്തിയാവുകയും, ബാക്കിയുള്ള സ്ഥലമെടുപ്പ്

LIBRARY ARCHIVES Kerala Legislative Assembly